ബഥനി നാദം

BETHANY ASRAM

THE ORDER OF IMITATION OF CHRIST

വാല്യം 5 | Ranni - Perunad, Pathanamthitta - 689 711 | ഓഗസ്റ്റ് 2022

H.G. Alexious Mar Theodosious OIC | H.G.Yuhanon Mar Athanasious OIC | H.G.Paulose Mar Pachomious OIC

BETHANY ASRAM

(The Order of Imitation of Christ)
Malankara Orthodox Church
Ranni-Perunad, Pathanamthitta, Kerala 689711

ദൈവതിരുനാമത്തിന് സ്തുതി,

ലോകത്തെ മുഴുവനും പിടിച്ചു കുലുക്കിയ കോവിഡ് മഹാമാരിയുടെ രണ്ടു വർഷത്തിന് ശേഷം വീണ്ടും ഈ വർഷം ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന പുണ്യപിതാക്കന്മാരുടെ സംയുക്ത ഓർമ്മപെരുന്നാൾ ജൂലൈ 31 മുതൽ ഓഗസ്റ്റ് 6 വരെ ഭക്തിപൂർവ്വം ആചരിക്കുവാൻ ദൈവത്തിൽ ശരണപ്പെടുകയാണ്.

ഓരോ പെരുന്നാളുകളും ഈ പിതാക്കന്മാർ കാണിച്ചു തന്ന നല്ല മാതൃകകൾ ഓർത്തെടുക്കുവാനും അവരുടെ പഠിപ്പിക്കലുകൾ, സത്യവിശ്വാസ തീക്ഷണത എന്നിവ വരും തലമുറയ്ക്ക് പറഞ്ഞു കൊടുക്കുവാനും അവരുടെ മദ്ധ്യസ്ഥതയിൽ അഭയപ്പെടുവാനുമുള്ള സന്ദർഭമാണ്.

മലങ്കര സഭ 'മലങ്കരയുടെ ധർമ്മയോഗി' എന്ന് വിശേഷണനാമം നൽകി ആദരിച്ച ഭാഗ്യസ്മരണാർഹനായ അഭി:അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെയും അദ്ദേഹത്തിന്റെ പിൻഗാമികളായ അഭി: യൂഹാനോൻ മാർ അത്താനാസ്യോസ്, അഭി: പൗലോസ് മാർ പക്കോമിയോസ് എന്നീ പിതാക്കന്മാരുടേയും ദീപ്തമായ സ്മരണകൾക്കു മുന്നിൽ നമ്രശിരസോടെ 'ബഥനി നാദം' നിങ്ങൾക്കായി സമർപ്പിക്കുന്നു.

സ്നേഹത്തോടെ,
ഫാ.സ്ക്കറിയ ഒ.ഐ.സി
സുപ്പീരിയർ

മലങ്കരയുടെ ധർമ്മയോഗി



ഫാ. ഡോ. ജോൺസ് എബ്രഹാം കോനാട്ട്
(പ്രിൻസിപ്പൽ സെക്രട്ടറി, പരി.കാതോലിക്കാ ബാവാ)

ലോകത്തിലെ എല്ലാ മതങ്ങൾക്കും തന്നെ സന്യാസജീവിതം പ്രധാനപ്പെട്ടതാണ്. ബുദ്ധമതം പോലുള്ള ചില മതങ്ങളിൽ അത് വളരെ പ്രധാനപ്പെട്ടതാണ്. ശക്തവും കൃത്യവുമായ അച്ചടക്കവും ചിട്ടകളും പാലിച്ചുകൊണ്ടും ലൗകികസുഖങ്ങൾ ഉപേക്ഷിച്ചുകൊണ്ടുമുള്ള ഒരു ജീവിതമാണ് സന്യാസത്തിന്റെ അടിസ്ഥാനം. സഹജീവികളോടും, പ്രകൃതിയോടുമുള്ള സ്നേഹം, ദാരിദ്ര്യം, ആത്മത്യാഗം മുതലായവയെല്ലാം ഒരു സന്യാസി എപ്പോഴും പാലിക്കേണ്ട അടിസ്ഥാന തത്വങ്ങളാണ്.

ക്രിസ്തുമതത്തിലും ആശ്രമപ്രസ്ഥാനം പ്രാധാന്യമർഹിക്കുന്നു. കിഴക്കൻ സഭകൾ പ്രത്യേകിച്ചും സന്യാസിമാരെ രക്തസാക്ഷികളുടെ നിരയിലാണ് കണക്കാക്കുന്നത്. എന്നാൽ നൂറ്റാണ്ടുകളുടെ ചരിത്രമുറങ്ങുന്ന മലങ്കര സഭയിൽ ആശ്രമപ്രസ്ഥാനം വേരൂന്നിയത് താരതമ്യേന താമസിച്ചാണ് എന്നത് അത്ഭുതകരമായി തോന്നിയേക്കാം. രണ്ടായിരം വർഷത്തോളം പഴക്കമുള്ള മലങ്കര സഭയിൽ ഈ പ്രസ്ഥാനം വേരൂന്നുവാൻ എന്തേ ഇത്ര വൈകി എന്നതിന് ഉത്തരം കണ്ടെത്തേണ്ടിയിരിക്കുന്നു. മലങ്കര സഭയുമായി ആദ്യനൂറ്റാണ്ടുകളിൽ ഉറ്റബന്ധം പുലർത്തിയിരുന്ന കിഴക്കിന്റെ സഭ എന്നറിയപ്പെടുന്ന പേർഷ്യൻ സഭ സന്യാസ പ്രസ്ഥാനത്തിന് വലിയ പ്രാധാന്യം നൽകിയിരുന്നില്ല എന്ന് കേട്ടിട്ടുണ്ട്. ഏതായിരുന്നാലും 16-ാം നൂറ്റാണ്ടുമുതൽ പടിഞ്ഞാറൻ സഭകളിൽ നിന്നും-പ്രത്യേകിച്ച് റോമൻ കത്തോലിക്ക സഭയിൽ നിന്നും - സന്യാസിമാരും മിഷനറിമാരും മലങ്കരയിൽ എത്താൻ തുടങ്ങിയശേഷമാണ് ഇവിടെ യഥാർത്ഥ ആശ്രമങ്ങൾ സ്ഥാപിതമായത് എന്നു പറഞ്ഞാൽ അതിൽ തെറ്റുണ്ടാവുമെന്നു തോന്നുന്നില്ല. അതിനുമുമ്പ് സന്യാസ തത്വങ്ങൾ പാലിച്ചു ജീവിച്ചിരുന്നവർ മലങ്കരയിൽ ഉണ്ടായിരുന്നു എന്നു പറയുന്നുണ്ട് എങ്കിലും അത് എങ്ങിനെയുള്ളതായിരുന്നു എന്നതിനെക്കുറിച്ചൊന്നും തെളിവുകളില്ല.

ക്രിസ്തീയ ആശ്രമപ്രസ്ഥാനങ്ങളിൽ രണ്ടു തരത്തിലുള്ള സന്യാസ മാതൃകകളാണ് കാണാൻ സാധിക്കുന്നത്. ഒന്ന് പൂർണ്ണസമയം പ്രാർത്ഥനയിലും ധ്യാനത്തിലും മാത്രം കഴിയുന്നവർ. മറ്റ് ഓർത്തഡോക്സ് സഭകളിൽ ധാരാളം കണ്ടുവരുന്നു ഇത്തരത്തിലുള്ള സന്യാസിമാരെ. അവർ വളരെ അത്യാവശ്യങ്ങൾക്കു മാത്രമേ ആശ്രമത്തിൽ നിന്നും പുറത്തിറങ്ങാറുള്ളു. ചില ആശ്രമങ്ങളിലേക്ക് പ്രവേശിക്കുവാൻ വഴി പോലും ഉണ്ടാവുകയില്ല. ഗ്രീസിലെ മൗണ്ട് ആതോസിലും മറ്റുമുള്ള ആശ്രമങ്ങളെല്ലാം ഇത്തരത്തിൽ പെടുന്നവയാണ്. പ്രാർത്ഥനകളും പാട്ടുകളും കവനം ചെയ്യുക അച്ചടി ഇല്ലാതിരുന്ന കാലങ്ങളിൽ പുസ്തകങ്ങൾ

(ശേഷം നാലാം പേജിൽ...)

മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ ദൈവകൃപയാൽ തുമ്പമൺ ഭദ്രാസനാധിപനും ബഥനി ആശ്രമ വിസിറ്റർ ബിഷപ്പുമായ കുറിയാക്കോസ് മാർ ക്ലീമിസ് മെത്രാപ്പോലീത്തായിൽ നിന്നും

Ref.No.74/2022

നമുക്ക് എത്രയും സ്നേഹമുള്ള ബഥനി ആശ്രമ സുപ്പീരിയർ ഫാ.സ്ക്കറിയ ഒ.ഐ.സിയും മറ്റ് ആശ്രമാംഗങ്ങളും ബഥനി മഠത്തിന്റെ സുപ്പീരിയറും മറ്റ് അംഗങ്ങളും വിശ്വാസികളും കൂടി കണ്ടെന്നാൽ നിങ്ങൾക്ക് വാഴ്വ്.

പ്രിയരെ,

"മലങ്കരയുടെ ധർമ്മയോഗി" അഭി: അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെയും അഭി:യൂഹാന്നോൻ മാർ അത്താനാസിയോസ് തിരുമേനിയുടെയും, അഭി: പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെയും ജീവിതം മലങ്കര ഓർത്തഡോക്സ് സഭയ്ക്കും വിശ്വാസി സമൂഹത്തിനും ഏറെ അഭിമാനവും പ്രചോദനവുമാണ്.

പണം കൊണ്ടും പദവി കൊണ്ടും ഒരു ഉത്തമ സന്ന്യാസിയെ ആർക്കും ഒന്നും ചെയ്യാൻ കഴിയുകയില്ല എന്നും, സ്വന്തം നേട്ടത്തേക്കാൾ സഭയേയും സഭയുടെ സ്വാതന്ത്ര്യത്തേയും താൻ ഏറെ സ്നേഹിക്കുന്നുവെന്നും, കരുതുന്നുവെന്നും എന്ന് ജീവിതം കൊണ്ടു കാണിച്ച പിതാവാണ് ഭാഗ്യസ്മരണാർഹനായ അഭി: അലക്സിയോസ് മാർ തേവോദോസിയോസ്.

യുവാക്കൾക്ക് എന്നും ഹരമായിരുന്നു കൊച്ചുതിരുമേനിയെന്ന് എല്ലാവരും വിളിച്ചിരുന്ന ബഥനിയിലെ ആബോ യൂഹാനോൻ അഥവാ യൂഹാനോൻ മാർ അത്താനാസിയോസ് തിരുമേനി. ക്യാൻസർ വേദനയുടെ നടുവിലും കൈവിടാത്ത ദൈവഭക്തി നമുക്ക് ധൈര്യവും അഭയവുമാണ്. എനിക്ക് സമകാലീയനായിരുന്ന അഭി: പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ കരുതലും സഹകരണവും സഭയോടുള്ള സ്നേഹതീക്ഷ്ണതയും ഒരുനാളും മറക്കില്ല.

ഈ പിതാക്കന്മാരുടെ സംയുക്ത ഓർമ്മപെരുന്നാളിൽ ബഥനി ആശ്രമത്തിന്റെ വിസിറ്റർ ബിഷപ്പ് എന്ന നിലയിൽ നേതൃത്വം നൽകാൻ കഴിയുന്നതിൽ ദൈവത്തെ മഹത്വപ്പെടുത്തുന്നു. പെരുന്നാൾ സപ്ലിമെന്റ് 'ബഥനി നാദം' വിശ്വാസി സമൂഹത്തിന് അറിവിന്റെയും സ്നേഹത്തിന്റെയും അനുഭവം പകരട്ടെ.

കർത്ത്യശുശ്രൂഷയിൽ

കുറിയാക്കോസ് മാർ ക്ലീമ്മീസ് മെത്രാപ്പോലീത്ത

2022 ജൂലൈ മാസം 24 ാം തിയ്യതി
ബേസിൽ അരമനയിൽ നിന്നും

മലങ്കര സഭക്ക് ഏഴു പുതിയ മെത്രാപ്പോലിത്തമാർ അഭിക്ഷിക്തരായി

മലങ്കരസഭയുടെ ആദ്ധ്യാത്മിക സ്രോതസ്

ഡോ. ഗീവർഗ്ഗീസ് മാർ തെയോഫിലോസ് മെത്രാപ്പോലീത്ത

ഇരുട്ടിൽ ഇരുന്ന ജനം വലിയോരു പ്രകാശം കണ്ടു എന്ന യെശയ്യാ പ്രവാചകന്റെ ദീർഘദർശനത്തെ അനുസ്മരിപ്പിക്കുന്ന ഒന്നാണ് മലങ്കര സഭയിലെ പ്രഥമ സന്യാസ സമൂഹമായ ബഥനി ആശ്രമം. കഴിഞ്ഞ നൂറ്റാണ്ടിന്റെ പ്രാരംഭ ദശകങ്ങൾ മലങ്കര സഭയെ സംബന്ധിച്ചിടത്തോളം തീർച്ചയായും ഇരുൾ മൂടി നിൽക്കുന്ന കാലഘട്ടമായിരുന്നു. സഭയിൽ തർക്കവിതർക്കങ്ങളുടെയും സമുദായ കേസിന്റെയും കാർമേഘങ്ങൾ മൂടിയപ്പോൾ സഭയുടെ ആത്മീയ മക്കൾ കാർമേഘം നീങ്ങി ആത്മീയ പ്രകാശം പരക്കുന്നതിനുവേണ്ടി തീക്ഷ്ണതയോടെ കാത്തിരുന്നപ്പോൾ ജനത്തിന് കുളിർമയേകി മുണ്ടൻ മലയിൽ രൂപമെടുത്തതാണ് ശതാബ്ദി പിന്നിട്ട ബഥനി ആശ്രമം. തൽഫലമായി ജനങ്ങളിൽ ആശ്രമം പുതുദർശനങ്ങളും പുതുജീവനും പുതുചൈതന്യവും കൈമാറി. അങ്ങനെ ഇരുളിന്റെ അനുഭവത്തിലായിരുന്ന ജനത്തെ യഥാർത്ഥ പ്രകാശത്തിലേക്ക് ആശ്രമം നയിച്ചു.

ക്രിസ്തു ശാസ്ത്രങ്ങളിലെ തർക്കങ്ങളെ സംബന്ധിച്ച് രൂപമെടുത്ത വേദവിപരീതങ്ങളെ തള്ളികളഞ്ഞ് സത്യവിശ്വാസത്തിന് രൂപം നൽകുവാൻ എ.ഡി. 318 ൽ സമ്മേളിച്ച നിഖ്യ സുന്നഹദോസിനു 1600 വർഷങ്ങൾക്ക് ശേഷം മലങ്കരയുടെ മക്കളെ സത്യവിശ്വാസത്തിൽ നിലനിർത്തുന്നതിനായി ഇലഞ്ഞിക്കൽ ഇ.ജെ.ജോൺ വക്കീൽ ദാനമായി നൽകിയ സ്ഥലത്താണ് ബഥനി ആശ്രമം സ്ഥാപിതമായത്. സ്ഥാപക നേതാവായ മാർ ഈവാനിയോസ് ബഥനിയെയും മാതൃസഭയെയും ഉപേക്ഷിച്ചുപോയപ്പോൾ മലങ്കരയിൽ കാർമേഘം പടർന്നുവെങ്കിലും ദൈവാശ്രയത്തിൽ സത്യവിശ്വാസത്തോടും സ്നേഹത്തോടും കൂടിയ പ്രവർത്തനങ്ങൾ വഴി ആബോ അലക്സിയോസ് (പിന്നീട് മാർ തേവോദോസിയോസ്) ബഥനിയെയും സഭയെയും ഓർത്തോദുക്സോ വിശ്വാസത്തിൽ നിലനിർത്തി. ആ കാലഘട്ടത്തിൽ മാർ ഈവാനിയോസിന്റെ പ്രലോഭനത്തിൽ ബഥനിയിലെ അംഗങ്ങൾ എല്ലാവരും വഴുതി വീണിരുന്നുവെങ്കിൽ ഒരുപക്ഷെ മലങ്കസഭയുടെ ചരിത്രം മറ്റൊന്നാകുമായിരുന്നു. എന്നാൽ പരിശുദ്ധാത്മാവ് വട്ടശ്ശേരിൽ തിരുമേനിയിലൂടെയും ആബോ അലക്സിയോസിലൂടെയും മറ്റ് ബഥനി അംഗങ്ങളിലൂടെയും പ്രവർത്തിച്ചതുവഴി സഭയിൽ സത്യവിശ്വാസം നിലനിർത്തുവാൻ സാധിച്ചു. തീർച്ചയായും മലങ്കരസഭയുടെ സത്യവിശ്വാസത്തിന്റെ ഉറവയാണ് ബഥനി ആശ്രമം.

മലങ്കരയുടെ മക്കളിൽ ആത്മീയപ്രകാശം പരത്തിയിരുന്നത് പഠിപ്പിക്കലുകളിലൂടെയും ധ്യാനങ്ങളിലൂടെയും ആരാധനകളിലൂടെയും ആയിരുന്നു. അതുകാരണത്താൽ ബഥനി ആശ്രമത്തിനും ചുറ്റുമുള്ള പ്രദേശങ്ങളിൽ ധാരാളം ഇടവകകൾ രൂപം പ്രാപിക്കുകയും ആ പള്ളികളെല്ലാം ബഥനി വൈദീകരുടെ നേതൃത്വത്തിലാണ് വളർന്നു വന്നത് എന്നത് തർക്കമറ്റ സംഗതിയാണ്. മാത്രവുമല്ല മാർ തേവോദോസിയോസ് തിരുമേനിയുടെ ശ്രമഫലമായി എക്യുമെനിക്കൾ രംഗത്തും വിദ്യർത്ഥി പ്രസ്ഥാനത്തിലും ബാഹ്യകേരള മിഷൻ രംഗത്തും സഭയുടെ വളർച്ചയ്ക്ക് ബഥനി തരംഗങ്ങൾ സഹായകരമായി എന്നത് തർക്കമറ്റ സംഗതിയാണ്. ഈ കാലത്ത് തന്നെ ജീവിതത്തിൽ അനുഭവിക്കുന്ന പിരിമുറുക്കങ്ങളിൽ നിന്ന് ആശ്വാസം ലഭിക്കുവാനും ശാന്തതയിലും സ്വസ്ഥതയിലും പ്രാർത്ഥനയിലും ചെലവഴിക്കുവാനും സഹായിക്കുന്ന ധ്യാനകേന്ദ്രം എന്ന നിലയിലേക്ക് ആശ്രമം വളരുകയുണ്ടായി. സഭയിലെ പിതാക്കന്മാരും വൈദികരും എല്ലാം ഈ ആശ്രമത്തിൽ നിന്ന് ആശ്വാസം കണ്ടെത്താറുണ്ട്. യഥാർത്ഥത്തിൽ മലങ്കര സഭയുടെ ആദ്ധ്യാത്മീക തീക്ഷണതയുടെ ഉറവയാണ് ബഥനി ആശ്രമം.

കൂടാതെ സാമൂഹിക വെളിച്ചം പകരുന്നതിനു വേണ്ടി പെരുന്നാട്ടിലും കുന്നംകുളത്തും സ്കൂളുകൾ പ്രവർത്തിക്കുന്നുണ്ട്. സമർത്ഥരായ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസത്തിനും, ഭവന രഹിതർക്ക് ഭവനനിർമ്മാണത്തിനും, സഹായത്തിന് ആളുകളില്ലാത്തവരെ വാർദ്ധക്യത്തിൽ പരിചരിക്കുന്നതിനും ചികിത്സിക്കുന്നതിനും ബഥനി ആശ്രമം ശ്രദ്ധിക്കുന്നുണ്ട്. കൂടാതെ ബഥനി ആശുപത്രിയും ആശ്രമത്തിന്റെ മാനവസേവയുടെ മറ്റൊരു പതിപ്പാണ്. ഇങ്ങനെ വിവിധ സാമൂഹിക പ്രവർത്തനങ്ങളിലൂടെ സമൂഹത്തിൽ പ്രകാശം ചൊരിയുന്ന ഉറവയാണ് ബഥനി ആശ്രമം.

ചുരുക്കത്തിൽ ആദ്ധ്യാത്മിക ശ്രോതസ്സായും, സത്യവിശ്വാസത്തിന്റെ ഈറ്റില്ലമായും സാമൂഹിക പ്രതിബദ്ധതയുടെ ഉറവിടമായും ബഥനി ആശ്രമത്തിനും അതിലെ അംഗങ്ങൾക്കും തുടർന്നുള്ള നാളുകളിൽ പ്രവർത്തിക്കുവാൻ സാധിക്കട്ടെ. മലങ്കര സഭയുടെ വറ്റാത്ത ഉറവയായി തൻമൂലം മലങ്കരയുടെ മക്കൾ ആറ്റിൻ അരികത്തെ വാടാത്ത വൃക്ഷം പോലെയാകുവാൻ ഇടയാകട്ടെ. അതിന് ബഥനി ആശ്രമത്തിൽ കബറടങ്ങിയിരിക്കുന്ന പിതാക്കന്മാരുടെ മദ്ധ്യസ്ഥത മുഖാന്തരമാകട്ടെ.

ആർഷഭാരത സംസ്കാര സമ്പന്നമായ ബഥനി

ഗീവർഗ്ഗീസ് മാർ പക്കോമിയോസ് മെത്രാപ്പോലീത്ത



ആദ്യ കാഴ്ചയിൽ തന്നെ ബഥനി അച്ചന്മാരെ വ്യത്യസ്തരാക്കുന്നത് അവരുടെ കാഷായ വസ്ത്രവും മരക്കുരുശുമാണ്. വസ്ത്രധാരണത്തിലെ ഈ വ്യത്യസ്തത ബഥനിയുടെ എല്ലാ കാര്യത്തിലും ഉണ്ട് എന്നത് പിന്നീട് ഓരോ തവണയും ആശ്രമത്തിൽ വരുന്നവർക്കും ആശ്രമാംഗങ്ങളുമായി ഏറെ അടുക്കുമ്പോഴും നമുക്ക് ബോധ്യമാകും. വ്യക്തിപരമായി പറഞ്ഞാൽ നേരിട്ടുള്ള അറിവിനേക്കാൾ ബഥനി സന്യാസ സമൂഹത്തെ ഞാൻ അറിയുന്നത് വായനയിലൂടെയും കേട്ടറിവിലൂടെയുമാണ്. എന്നാൽ ബഥനിയിലെ പിതാക്കന്മാരും അവരുടെ നിലപാടുകളും സഭാ സ്നേഹവും ഏറെ ചിരപരിചിതമാണ്.

ഭാരതീയ സന്യാസ മുനിമാർ സ്വീകരിച്ചിരുന്ന ഭഗവദ്ധ്വജം - കാവി വസ്ത്രം - മണ്ണിന്റെ നിറം - മണ്ണിൽ നിന്നും"വന്നു മണ്ണിലേക്ക് ചേരേണ്ടവർ എന്നുള്ള ഓർമ്മപ്പെടുത്തലിനായി അണിയുന്നതാണ്. പൂർണ്ണ സന്യാസിമാരാണ് ഓരോ ബഥാനിയരും. പൗരസ്ത്യ പാരമ്പര്യത്തിലെ വൈദീകരുടെയും പ്രത്യേകാൽ റമ്പാന്മാരുടെ കറുത്ത കുപ്പായത്തിനു സമമായി സഭ ഈ കാവി വസ്ത്രത്തെ പരിഗണിക്കുന്നു. അതുകൊണ്ടുതന്നെ വിശുദ്ധ കൂദാശ അനുഷ്ഠാന വേളകളിൽ ശുശ്രൂഷ കുപ്പായം ധരിക്കുന്നതിനു മുൻപുള്ള കറുത്ത കുപ്പായം ഒഴിവാക്കി കൊടുത്തിട്ടുള്ളതായി മനസ്സിലാക്കുന്നു.

ആർഷഭാരത സംസ്ക്കാരത്തോടും ജീവിത രീതികളോടും ചേർന്ന് നില്ക്കുന്ന രീതിയിലുള്ള ബഥനിയുടെ ജീവിത ശൈലികളിൽ ഏറെ ശ്രദ്ധേയമായി കണ്ട ഒരു സംഗതി 3 നേരത്തെയും ഭക്ഷണത്തിനു മുൻപ് ആശ്രമാംഗങ്ങൾ എല്ലാവരും ഒരുമിച്ച് വരാന്തയിൽ നിന്ന് ലോകത്തിന് മുഴുവനും വേണ്ടിയും, സർവ്വ ലോകത്തിന്റെയും വിശപ്പ് മാറ്റുന്നതിനുള്ള കരുതലിന് വേണ്ടിയും, ലഭിച്ച ഭക്ഷണത്തിനു വേണ്ടിയും നന്ദി അർപ്പിച്ച് പ്രാർത്ഥിച്ചതിനു ശേഷമാണ് ഭക്ഷണശാലയിൽ പ്രവേശിച്ച് ഭക്ഷിക്കുന്നത് എന്നത്.

കർത്താവ് ഏറെ സ്നേഹിച്ചിരുന്ന ബഥാന്യയിലെ ലാസറിന്റെ ഭവനത്തിലെ മാർത്തയെയും മറിയയെയും പോലെ ബഥനി ആശ്രമസ്ഥാപനത്തിന്റെ പിന്നാലെ ആരംഭിച്ചതായ ബഥനി മഠവും സഭയ്ക്ക് നൽകുന്ന സേവനങ്ങൾ ഏറെ ശ്രദ്ധേയമാണ്. അങ്കമാലി, ഇടുക്കി, മാവേലിക്കര മെത്രാപ്പോലീത്തയായിരുന്ന ഭാഗ്യസ്മരണാർഹനായ അഭി: പൗലോസ് മാർ പക്കോമിയോസ് പിതാവിന്റെ നാമധാരിയായിരിക്കുന്ന വ്യക്തി എന്ന നിലയിൽ ഈ പിതാവിന്റെ എല്ലാമെല്ലാമായിരിക്കുന്ന ബഥനി ഇനി മുതൽ എനിക്കും പ്രിയപ്പെട്ടതായിരിക്കും.

ബഥനി ഒരു വറ്റാത്ത ഉറവ

ഏബ്രഹാം മാർ സ്തേഫാനോസ് മെത്രാപ്പോലീത്ത

ഒരു കാലഘട്ടത്തിലെ മലങ്കര സഭയുടെ യുവാക്കൾക്ക് എല്ലാം ആശയവും ആത്മീയ ആവേശവും പകർന്നു നൽകിയ ആദ്ധ്യാത്മീക ഉറവയായിരുന്നു റാന്നി-പെരുനാട് ബഥനി ആശ്രമം. എന്നെ സംബന്ധിച്ചിടത്തോളം മറക്കാൻ കഴിയാത്ത ധാരാളം ഓർമകൾ ഉള്ള സ്നേഹവാൽസല്യങ്ങൾ നിറഞ്ഞ ഒരിടം. അതായത്, എന്റെ ചെറിയ പ്രായത്തിലെ വലിയ പ്രചോദനത്തിന്റെ ആത്മീയ ഇടം. ബഥനി ആശ്രമത്തിൽ പോയി താമസിച്ചതും അവിടെ പതിവായി നടന്നിരുന്ന ദൈവവിളി സംഗമത്തിൽ പലപ്പോഴും പങ്കാളിയാകാൻ കഴിഞ്ഞതും ഇന്നലെ നടന്നതുപോലെ സുവ്യക്തമാണ്. പ്രത്യേകിച്ച് നമ്മുടെ ചെറുപ്പകാലത്തെ സ്വാധീനിക്കത്തക്കവിധം ആത്മീക പരിപാകതയുള്ളവരെ വാത്സല്യങ്ങൾക്കും ഉപദേശങ്ങൾക്കും അനുഗ്രഹപാത്രമാകാൻ സാധ്യമാകുന്നത് ദൈവകൃപ മൂലം ആകുന്നു എന്ന് ഞാൻ തിരിച്ചറിയുന്നു. പ്രത്യേകിച്ച് ദിവ്യശ്രീമാൻമാരായ യാക്കോബച്ചനും, അന്ത്രയോസച്ചനും എന്നോടു കാണിച്ച സ്നേഹ വാത്സല്യങ്ങൾ മറക്കാൻ കഴിയാത്തതാണ്. പ്രത്യേകിച്ച് വന്ദ്യ യാക്കോബച്ചൻ നീല നിറമുള്ള ഇൻലെന്റിൽ മഷിപ്പേനയിലെഴുതിയ കത്തുകൾ ഇന്നും കൺമുമ്പിൽ കാണാം. സത്യത്തിൽ പുതുതലമുറക്ക് ആത്മീയ പിതാക്കന്മാർ എങ്ങനെ പ്രചോദനമാകണം എന്നുള്ളതിന് ബഥനിയിലെ സന്യസ്ഥർ നമുക്കെല്ലാം മാതൃകയായിരുന്നു.

ബാല്യത്തിലെ മറ്റൊരോർമ്മ ബഥനി ആശ്രമത്തിൽ താമസിക്കുവാൻ ലഭിച്ച ഭാഗ്യകരമായ അനുഭവമാണ്. അക്കാലത്ത് ഇടവക പള്ളിയിൽ ഓ.വിബി.എസ്. ഇല്ലാതിരുന്നപ്പോൾ പെരുനാട് ബഥനി കോൺവെന്റിന്റെ സ്കൂളിൽ ഓ.വി.ബി.എസ് നു പോകുമ്പോൾ ആശ്രമത്തിൽ ചെന്നു താമസിച്ച് പഠിച്ചത് നല്ല അനുഭവമായിരുന്നു. ആരാധനയുടെ മഹത്വം വേണ്ടവിധം ഗ്രഹിക്കുവാൻ ത്രാണിയില്ലാതിരുന്ന അക്കാലത്ത് ബഥനിയിലെ ആരാധനയുടെ ചിട്ട എന്നെ സന്തോഷിപ്പിച്ചിരുന്നു. യാമ പ്രാർത്ഥന എന്ന ഒരു പ്രാർത്ഥനാ ക്രമീകരണം ഉണ്ടെന്ന് ആദ്യമായി മനസ്സിലാക്കിയത് അവിടെ നിന്നായിരുന്നു. പിൽക്കാലത്ത് ഞാനറിയാതെ എന്നെ സ്വാധീനിച്ച ചില ആത്മീയചര്യകളുടെ ഉറവിടം തീർച്ചയായും ബഥനി ആശ്രമം തന്നെയായിരുന്നു.

അതുപോലെ എന്റെ ഓർമ്മ ശരിയാണെങ്കിൽ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനിയുടെ ദശാബ്ദ സ്മരണികയായി പുറത്തു വന്ന പുസ്തകം ചെറുപ്പത്തിൽ പല ആവർത്തി വായിച്ചു മനസ്സിലാക്കുന്നത് എനിക്ക് ഒരു കൗതുകം ആയിരുന്നു. കാരണം ബഥനിയുടെ പനിമലർ എന്ന ആ പുസ്തകത്തിൽ മലങ്കര സഭയിലെ അന്നത്തെ പ്രമുഖരുടെ അനുസ്മരണ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. അതാകട്ടെ ബഥനിയെ സംബന്ധിച്ചും ആ പുണ്യഭൂമിയെ കുറിച്ചുമുള്ള ആദ്യത്തെ വിവരണങ്ങളിൽ ഒന്നായിരുന്നു. ബഥനിയിലെ അലക്സിയോസ് മാർ തേവോദോസിയോസ് തിരുമേനി ആരായിരുന്നു എന്നു അദ്ദേഹത്തിന്റെ ജീവിത ദർശനം മുന്നോട്ടുവയ്ക്കുന്ന ആത്മീയത എന്തായിരുന്നു എന്ന് പരിചയപ്പെടുത്തിയത് ആ വായനകൾ ആയിരുന്നു. അതു പോലെ എന്റെ അമ്മയുടെ ഇളയ സഹോദരി ബഥനിയിലെ സന്യാസിനി സമൂഹത്തിലെ അംഗമായിരുന്നു. സിസ്റ്ററാമ്മാമ്മ അവധിക്കാലത്ത് അമ്മയുടെ വീട്ടിൽ വരുമ്പോൾ പറഞ്ഞുതന്ന കാര്യങ്ങൾ ബഥനിയെ കുറിച്ചുള്ള എന്റെ ബാല്യകൗതുകങ്ങൾ വർദ്ധിപ്പിച്ചു.

കർത്താവെ കരുണ ചെയ്യണമേ എന്ന കുറിയേലായിസോൻ എന്ന പ്രാർത്ഥന ഹൃദയത്തിൽ ഉറപ്പിക്കുകയും ബലഹീനതയിൽ വല്ലപ്പോഴുമെങ്കിലും അതു മനസ്സിൽ ചൊല്ലാൻ ഇടയാക്കിയതും അവിടുത്തെ വൈദീകർ അയച്ച കത്തുകളിലെ പ്രധാന ഉപദേശങ്ങളിലൂടെയായിരുന്നു. ബാല്യത്തിൽ ലഭിച്ച താലന്തുകൾ ഒക്കെ വേണ്ടവിധം ഉപയോഗിച്ചോ എന്ന് ആത്മപരിശോധനക്കുള്ള അവസരം കൂടിയാണ് ഈ കുറിപ്പ്. ചുരുക്കത്തിൽ ബഥനിയുടെ സമൃദ്ധമായ കുന്നിൻ മുകളിൽ നിന്നുകൊണ്ട് താഴ്വാരങ്ങളും നീർച്ചോലകളും എന്റെ ബാല്യത്തിൽ കണ്ടതുപോലെ മലങ്കര സഭ ആകമാനം ആത്മീയമായ കാഴ്ചകൾ കാണാൻ നമ്മുടെ കർത്താവ് പരിശുദ്ധാത്മാവിൽ നമ്മെ എല്ലാവരേയും ശക്തരാക്കട്ടെ എന്ന് ആശംസിക്കുന്നു.

ആശംസകളോടെ...
FEDERAL BANK
YOUR PERFECT BANKING PARTNER

ആശംസകളോടെ...
RANNI TRADERS & AGENTS
Thenmadathil building,
Near Mar Gregorios Chapel,
Old Bypass Road, Ranni. Ph: 9744676334
DEALERS IN ALL KINDS OF RICE, PROVISION, CATTLE & PAULTRY FEEDS

ആശംസകളോടെ...
P.K. ABRAHAM & SONS
(Mundaplackal)
GENERAL MERCHANTS
Vadasserikara

ആശംസകളോടെ...
FOR ALL TYPES OF FURNITURE
THEKKEPARAMPIL INDUSTRIES
Vechuchira. 9447256845

മുണ്ടൻ മലയിലെ മുനിപർവ്വം

തോമസ് മാർ ഈവാനിയോസ് മെത്രാപ്പോലീത്ത

യഹോവ ഭക്തി ജ്ഞാനത്തിന്റെ ആരംഭമാകുന്നു. (സദൃശ്യ വാക്യങ്ങൾ 1:7) ഏകാന്തതയിൽ നേടിയെടുക്കുന്ന ആധ്യാത്മികതയാണ് മനുഷ്യജീവിതത്തിൽ ശാന്തിയുടെ അടിസ്ഥാനം. ആത്മീയത ഒരു അന്വേഷണമാണ്. താല്കാലികമായവയെ നിരസിച്ചു നിത്യമായവയെ കണ്ടെത്തുന്ന യാത്ര. 'നേതി, നേതി' (ഇതല്ല, ഇതല്ല) എന്ന ഉപനിഷദ് ദർശനം ജ്ഞാനം അന്വേഷിക്കുന്ന ഭക്തന്റെ ജീവിതത്തിനു മാർഗദാനമാണ്. സുറിയാനി സഭാ പിതാക്കന്മാർ ദിവ്യ ജ്ഞാനം ആർജിക്കുവാൻ തിരഞ്ഞെടുത്തത് മണലാരണ്യങ്ങൾ എങ്കിൽ ഭാരത സന്യാസിമാർ അത് ആരണ്യങ്ങളിൽ (വനങ്ങളിൽ) തിരഞ്ഞു. 'ആരണ്യ' ത്തിനു പല അർത്ഥതലങ്ങൾ ഉണ്ട് എങ്കിലും 'വിതക്കാതെ വളരുന്ന ധാന്യം' എന്ന ഒരു ആത്മീക അർത്ഥം അതിനു നൽകുന്നു. അത് സ്വർഗീയ നിക്ഷേപമാണ്. പുഴുവും തുരുമ്പും കെടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന ധനം. ധന്യമായവയെ ധ്യാനിക്കുമ്പോൾ മാത്രം ലഭിക്കുന്നതു. അപ്രകാരം മൗനതയിൽ മനനം ചെയ്തു മുനിമാർ പകർന്നു നൽകിയതാണ് വേദങ്ങൾ. ('വിദ്' ആണ് വേദത്തിന്റെ മൂലപദം. 'അറിയുക' എന്നർത്ഥം) ആ അറിവ് ബൗദ്ധികം അല്ല, ദൈവികം ആണ്. വൈദികനും വൈദ്യനുമൊക്കെ ഈ അറിവിന്റെ ശുശ്രൂഷകർ ആകുവാൻ നിയോഗിക്കപ്പെട്ടവരാണ്.

മലങ്കര സഭയിൽ കക്ഷി വഴക്കുകൾ ശക്തമായപ്പോൾ ആത്മീക ഉയർപ്പിനായി, യേശു സ്നേഹിക്കുന്ന, യേശുവിനെ സ്നേഹിക്കുന്ന സാക്ഷ്യ സമൂഹമാകുവാൻ 'ബഥനി' സ്ഥാപിതമായി. 'രൂപാന്തരപ്പെടുവാനും, രൂപാന്തരപ്പെടുത്തുവാനും, നാഥനോടൊപ്പം പാർക്കുവാനുള്ള ആലയം'. ആരാധനയും, ഉപവാസവും, മൗനവും വഴിയാത്രക്കുള്ള ആഹാരമായി സ്വീകരിച്ചു. പ്രതിസന്ധികളിൽ തളരാതെ പ്രാർത്ഥനയോടെ ബഥനിയെ നയിച്ച ഭാഗ്യസ്മരണാർഹനായ അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനി നാഥനോട് ചേർക്കപ്പെട്ടത് മറുരൂപപെരുന്നാൾ ദിനം ആണ് എന്നത് വരും തലമുറയ്ക്ക് നൽകുന്ന സന്ദേശമായി സ്വീകരിക്കാം. പുണ്യ പിതാക്കന്മാരുടെ പ്രാർത്ഥന സഭക്കും ആശ്രമത്തിനും അനുഗ്രഹമാകട്ടെ.

മലമുകളിൽ നിന്ന് അനുസ്യൂത പ്രകാശം

ഗീവർഗ്ഗീസ് മാർ പീലക്സിനോസ് മെത്രാപ്പോലീത്ത

1918 ൽ സ്ഥാപിതമായ മലങ്കര ഓർത്ത ഡോക്സ് സഭയുടെ അഭിമാന സ്ഥാപനമാണ് പെരുന്നാട് ബഥനി ആശ്രമം. ശതാബ്ദി പിന്നിട്ട് അനേകർക്ക് ആത്മീകവും ഭൗതികവുമായ അനുഗ്രഹവും വെളിച്ചവും പകർന്ന് മലമുകളിൽ പ്രകാശസ്തംഭമായി നിലകൊള്ളുന്ന ആശ്രമത്തിന് ഹൃദയം നിറഞ്ഞ ആശംസകൾ.

യേശുക്രിസ്തുവിനെ യഥാവിധി അനുകരിക്കുന്നവരുടെ സമൂഹമായിരിക്കണം ഇവിടെ നിലനിൽക്കേണ്ടത് എന്നത് ആശ്രമശിൽപികളുടെ ആഗ്രഹമായിരുന്നു. അതുകൊണ്ടാണ് The Order of Imitation of Christ അഥവാ OIC എന്ന് ആശ്രമാംഗങ്ങൾ അറിയപ്പെടുന്നത്. ലാളിത്യത്തിന്റെയും കാഠിന്യത്തിന്റെയും കാവി വേഷവും യേശുക്രിസ്തുവിന്റെ മരക്കുരിശും പേറിയ സന്ന്യാസി വര്യന്മാരാണ് ഇവിടെ ഉള്ളത്.

നൂറുകണക്കിന് സന്ന്യാസി-സന്ന്യാസിനിമാരെ വാർത്തെടുക്കുന്ന ഒരു സ്വർഗ്ഗീയ മൂശയാണിത്. ആശ്രമാംഗങ്ങളായിരുന്ന അഭി: അലക്സിയോസ് മാർ തേവോദോസിയോസ്, അഭി: യൂഹാന്നോൻ മാർ അത്താനാസ്യോസ്, അഭി: പൗലോസ് മാർ പക്കോമിയോസ് എന്നീ പുണ്യ പിതാക്കന്മാരുടെയും നിരവധി പുരോഹിതന്മാരുടെയും സന്ന്യാസിനിമാരുടെയും കബറിടങ്ങൾ സ്ഥിതി ചെയ്യുന്ന വിശുദ്ധിയുടെ വിളനിലമാണിവിടം.

ആത്മീയ മേഖലയ്ക്കു മാത്രമല്ല, കാർഷിക മേഖലക്കും ബഥനി ആശ്രമം നൽകിവരുന്ന ഗുണപരമായ സംഭാവന എടുത്തു പറയേണ്ടതാണ്. സമൂഹത്തിൽ പ്രയാസപ്പെടുന്നവർക്ക് കൈത്താങ്ങൾ നൽകുന്നതിന് ആശ്രമം മുൻപന്തിയിൽ നിൽക്കുന്നു. നിരവധി ജീവകാരുണ്യപ്രവർത്തനങ്ങൾ (ഭവന നിർമ്മാണം, വിദ്യാഭ്യാസ-ചികിത്സാ സഹായം, വിവാഹ സഹായം തുടങ്ങിയവ) ആശ്രമത്തിന്റെ മുഖമുദ്രയാണ്. ആശംസകൾ ഭാവുകങ്ങൾ.

കാഴ്ച

സഖറിയാ മാർ സേവേറിയോസ് മെത്രാപ്പോലീത്ത



ബഥനിയെ കുറിച്ചുള്ള ഓർമ്മ എക്കാലവും ഒരു മലകയറ്റത്തിന്റേതാണ്. അവധാനപൂർണ്ണമായൊരു ആരോഹണം. അത് കേവലം ഭൂമിശാസ്ത്രപരമായ കയറ്റം മാത്രമല്ല; പിന്നെയോ ബോധമണ്ഡലത്തിന്റെ അതിസൂക്ഷ്മമായ ഉണർവിന്റെ സൂചകം കൂടിയാണ്. സാമാന്യഗതിയിൽ നാം താഴ്ന്ന ഒരിടത്ത് നിൽക്കുമ്പോഴും ഉയർന്ന സ്ഥലത്ത് നിൽക്കുമ്പോഴും നമ്മുടെ കാഴ്ചകൾക്ക് വ്യത്യാസമുണ്ട്. താഴ്ന്ന സ്ഥലത്ത് നിന്നപ്പോൾ വലുതെന്നുകണ്ട പലതിനും കുറേകൂടി ഉയരത്തിൽ നിന്ന് നോക്കുമ്പോൾ അത്രയൊന്നും വലുപ്പമില്ലെന്ന് കാണാം. മരങ്ങളും മനുഷ്യനും കെട്ടിടങ്ങളും മതിലുകളും എല്ലാം അതിലുൾപ്പെടും. സാധാരണ നയനങ്ങളുടെ കാഴ്ചയെ നമ്മുടെ നിൽപ് ഇത്രമേൽ സ്വാധീനിക്കുന്നുണ്ടെങ്കിൽ അധമവാസനകളുടെ പരിസരങ്ങളിൽ ഉത്തമവാസനകളിലേക്കുള്ള നിരന്തര പരിശീലനത്തിന്റെ ആരോഹണക്രിയകൾ നമ്മെ എത്രമേൽ ഉന്നതമായൊരു വീക്ഷണത്തിലേക്കാവും നയിക്കുക. ഐഹികകാമനകളിൽ വലുതെന്നും വിലപിടിച്ചതെന്നും നാം പൊതുവെ കരുതുന്ന പലതിനും കുറേകൂടി ഉന്നതബോധത്തിൽ അത്രയ്ക്കൊന്നും നാം ഗരിമയില്ലെന്നും അത് നമ്മെ പഠിപ്പിക്കുന്നു. അതുകൊണ്ട് തന്നെയാകും പ്രവാചകന്മാരിൽ പലരും ഗിരിശിഖരകളിലേക്ക് കുടിയേറിപ്പാർത്തത്. എന്തിനേറെ നമ്മുടെ തമ്പുരാനുപോലും മലകയറ്റം ഒരു പതിവായിരുന്നു. ബഥനി കുന്നിലെ താപസരുടെ ഓർമ്മ ഉന്നതദാർശനികതയിലേക്കുള്ള ഒരു ക്ഷണം തന്നെയാണ്. കുറേക്കൂടി ഉയരവും വെളിച്ചവുമുള്ള ചിന്തകൾ ഹൃദയത്തിൽ സൂക്ഷിക്കാൻ നമ്മെ പ്രേരിപ്പിക്കുന്ന പെരുന്നാളാണിത്. നിശ്ചയമായും ഈ മലകയറ്റം നമ്മെ എത്തിക്കുന്നത് അനാസക്തിയുടെ ശാന്തതയിലേക്ക് തന്നെയാണ്. അത് അങ്ങനെ തന്നെയാകണം.

ബഥനി: മലമുകളിൽ നിന്ന് താഴ്വരയിലേക്ക് ഒഴുകുന്ന ആത്മചൈതന്യം

ഡോ. ഗീവർഗ്ഗീസ് മാർ ബർന്നബാസ് മെത്രാപ്പോലീത്ത

മലങ്കര സഭയുടെ ആത്മീയ നവോത്ഥാനത്തിന് നിസ്തുലമായ സംഭാവന നല്കിയ മഹൽ സ്ഥാപനമെന്ന നിലയിൽ ബഥനി ആശ്രമത്തെക്കുറിച്ച് വലിയ മതിപ്പാണ് വിശ്വാസികൾക്കെല്ലാം. മലങ്കരയിലെ ഈ പ്രഥമ സന്യാസ സമൂഹം ഒരു നൂറ്റാണ്ടിലധികമായി സഭയെയും സമൂഹത്തെയും പരിപോഷിപ്പിച്ചു പോരുന്നു. ആദ്യ കാലങ്ങളിൽ സഭയുടെ ആരാധന, വിശ്വാസാചാരങ്ങൾ, ഏകൃയുമെനിക്കൽ ബന്ധങ്ങൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിയ ഈ പർണ്ണശാല പിന്നീട് സാമൂഹികസേവന രംഗത്തും വ്യക്തി മുദ്ര പതിപ്പിച്ചു. ദൈവസ്നേഹത്തിൽ നിന്ന് നിർഗമിക്കുന്ന സാമൂഹ്യപ്രതിബദ്ധത സന്ന്യാസത്തിലൂടെയും ആത്മതപസ്യകളിലൂടെയും സമസ്ത സൃഷ്ടിക്കും വേണ്ടി പരിവർത്തനപ്പെടുത്തുന്ന ഒരു പറ്റം മുനിവര്യന്മാരുടെ ചരിതമാണ് ബഥനിക്കുള്ളത്.

മുൻകാലങ്ങളിൽ കഷ്ടാനുഭവ ആഴ്ച ശുശ്രൂഷകളിൽ പങ്കുചേർന്ന് ആത്മചൈതന്യം നേടുവാൻ വളരെ ദൂരെ നിന്നുപോലും വിശ്വാസികൾ ബഥനിയുടെ കുന്നിൻ നെറുകയിലെത്തുമായിരുന്നു. ആശ്രമാംഗങ്ങളായിരുന്ന അഭിവന്ദ്യ പിതാക്കന്മാരുടെ ചിട്ടയും വിശ്വാസതീക്ഷ്ണതയും ഏവരേയും ആ ദൈവ ഭവനത്തിലേക്ക് ആകർഷിച്ചിരുന്നു. ആത്മീയ അനുഭൂതി പകരുന്ന ഗിരിശൃംഗം എക്കാലത്തും ഭക്തരെ ആകർഷിച്ചിരുന്നു.

എന്റെ ഇടവകാംഗമായിരുന്ന പാലമൂട്ടിൽ റിട്ട.ജഡ്ജി പി.എ. ഉമ്മന്റെ സഹോദരി പുത്രൻ ബഹു. പൗലോസ് അച്ചൻ (പിന്നീട് മാവേലിക്കര ഭദ്രാസനത്തിന്റെ പ്രഥമ മെത്രാപ്പോലീത്ത അഭി:പൗലോസ് മാർ പക്കോമിയോസ്) ബഥനി ആശ്രമാംഗമാണെന്നുള്ള കാര്യം എന്റെ ചെറുപ്രായം മുതൽ കേട്ടിരുന്നതിനാൽ ബഥനി ആശ്രമത്തെക്കുറിച്ച് ഒരു രേഖാ ചിത്രം മനസ്സിലുണ്ടായിരുന്നു. 2008ലാണ് ആദ്യമായി ആശ്രമം സന്ദർശിക്കാൻ അവസരം ലഭിച്ചത്. ആശ്രമാംഗമായിരുന്ന ബഹു.അന്ത്രയോസ് അച്ചൻ (അച്ചന്റെ സഹോദരിയുടെ കൊച്ചുമകനായിരുന്നു എന്റെ സഹോദരിയുടെ ഭർത്താവ്) നിര്യാതനായപ്പോൾ സഭാരത്നം അഭി: ഡോ.ഗീവർഗ്ഗീസ് മാർ ഒസ്താത്തിയോസ് തിരുമേനിയോടൊപ്പം സംസ്ക്കാര ശുശ്രൂഷകളിൽ സംബന്ധിച്ചു. ഗുരുവുമൊത്തുള്ള ആ യാത്ര ഏറെ ഹൃദ്യമായിരുന്നു. മലയോരത്തുകൂടി കുന്നുകളെ ചുറ്റി ഉയരത്തിലേക്കുള്ള ആ യാത്ര ആത്മീയോന്നതി നേടുന്നതിനുള്ള ഇടുങ്ങിയ വഴിയിലൂടെയുള്ള യാത്രയെ അനുസ്മരിപ്പിച്ചു. മലമുകളിലെ ആശ്രമ പശ്ചാത്തലം ഏറെ ഹൃദ്യമായി അനുഭവപ്പെട്ടു. കണ്ണിനു കുളിർമയേകുന്ന ഹരിതശോഭയും ഭക്തിസാന്ദ്രമായ നിശബ്ദതയും എന്നെ ഏറെ ആകർഷിച്ചു. പ്രാർത്ഥനാലയവും പർണ്ണശാലയുമെല്ലാം ലാളിത്യത്തിന്റെ മുഖമുദ്രയായിതന്നെ നിലകൊള്ളുന്നത് തികച്ചും അർത്ഥപൂർണ്ണമാണ്.

ഗിരിശൃംഗം ആത്മീയ സംസർഗത്തിന്റെ ഭൂമികയാണ്. ആത്മീയ ചൈതന്യം താഴ്വാരത്തേക്ക് ഒഴുകിയെത്തുമ്പോൾ അത് സമസ്ത സൃഷ്ടിയേയും ചലിപ്പിക്കും. ദൈവത്തേയും സൃഷ്ടിയേയും ബന്ധിപ്പിക്കുന്ന കണ്ണികളായി ഈ ആശ്രമം നിലകൊള്ളുകയാണ്. മലങ്കര സഭയ്ക്ക് സുധീരമായ ആത്മമാരി ചൊരിയുന്ന പുണ്യപിതാക്കന്മാരുടെ ഓർമ്മ നമുക്ക് വാഴ്വിന്നായിത്തീരട്ടെ. അവരുടെ പ്രാർത്ഥന നമുക്ക് കോട്ടയായിരിക്കട്ടെ.

മാർ തേവോദോസിയോസ് ബഥാന്യ എക്സലൻസി അവാർഡ് ദയാബായിക്ക്

മലങ്കര ഓർത്തഡോക്സ് സഭയുടെ ആദ്യ സന്ന്യാസ പ്രസ്ഥാനമായ ബഥനി ആശ്രമത്തിന്റെ സ്ഥാപക പിതാവ് 'മലങ്കരയുടെ ധർമ്മയോഗി' അഭി: അലക്സിയോസ് മാർ തേവോദോസിയോസ് ഒ.ഐ.സി യുടെ പാവന സ്മരണാർത്ഥം വ്യത്യസ്ത മേഖലകളിൽ മികച്ച സേവനം കാഴ്ചവെയ്ക്കുന്നവർക്കുവേണ്ടി ബഥനി ആശ്രമം ക്രമീകരിക്കുന്ന മാർ തേവോദോസിയോസ് ബഥാന്യ എക്സലൻസി അവാർഡ് ഈ വർഷം സാമൂഹിക സേവന രംഗത്ത് പകരം വയ്ക്കാൻ കഴിയാത്തവിധം വ്യക്തിമുദ്ര പതിപ്പിച്ചിരിക്കുന്ന മലയാളത്തിന്റെ അഭിമാനമായ ദയാബായിക്ക് നൽകുന്നു.

ജന്മം കൊണ്ട് കോട്ടയം പാലാക്കാരിയെങ്കിലും കർമ്മം കൊണ്ട് മധ്യപ്രദേശിലെ ചിന്ത്വാട ജില്ലയിലെ ബാറൂൾ എന്ന ഗ്രാമത്തിൽ 40 വർഷത്തിനപ്പുറമായി ഗോത്രവർഗ്ഗ സമൂഹത്തിന്റെ ഉന്നമനത്തിനായി ജീവിക്കുകയും ഇപ്പോൾ കാസർഗോഡ് എൻഡോസൽഫാൻ ദുരന്ത ബാധിതർക്കായും അവരുടെ ജീവിത ഉന്നമനത്തിനായും തന്റെ ജീവിതം ഉഴിഞ്ഞു വെച്ചിരിക്കുകയാണ്.

അൻപതിനായിരം രൂപയും ഫലകവുമാണ് അവാർഡ്. ആഗസ്റ്റ് 5 വെള്ളിയാഴ്ച റാന്നി - പെരുന്നാട് ബഥനി ആശ്രമത്തിൽ വച്ച് നടക്കുന്ന സമ്മേളനം കേരളാ നിയമസഭാ ഡെപ്യൂട്ടി സ്പീക്കർ ശ്രീ. ചിറ്റയം ഗോപകുമാർ ഉത്ഘാടനം ചെയ്യും. മലങ്കര ഓർത്തഡോക്സ് സഭാ മേലദ്ധ്യക്ഷൻ പരിശുദ്ധ ബസ്സേലിയോസ് മാർത്തോമ മാത്യൂസ് ത്രിതീയൻ കാതോലിക്കാ ബാവ അവാർഡ് സമർപ്പിക്കും.

ബഥനി ആശ്രമത്തിലെ പെരുന്നാളിന് തുടക്കമായി

മലങ്കര സഭയുടെ പ്രഥമ ആശ്രമമായ ബഥനി ആശ്രമത്തിൽ കബറടങ്ങിയിട്ടുള്ള അഭി:പിതാക്കന്മാരുടെ സംയുക്ത ഓർമ്മ പെരുന്നാളിന് തുടക്കമായി. ജൂലൈ 31ന് രാവിലെ ചെങ്ങന്നൂർ ഭദ്രാസന സഹായ മെത്രാപ്പോലിത്ത അഭി:ഡോ മാത്യൂസ് മാർ തിമോത്തിയോസ് മെത്രാപ്പോലിത്ത വിശുദ്ധ കുർബാന അർപ്പിച്ചു. വൈകുന്നേരം 6 മണിക്ക് സന്ധ്യ നമസ്കാരത്തിന് ആശ്രമാംഗം അഭി: മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലിത്ത നേതൃത്വം നൽകി. അഭി: പൗലോസ് മാർ പക്കോമിയോസ് തിരുമേനിയുടെ മാതൃഇടവകയിൽ നിന്നുള്ള വിശ്വാസികൾ ബഹു: വികാരി ഫാ:കുര്യാക്കോസ് ഏലിയാസിന്റെ നേതൃത്വത്തിൽ ആശ്രമത്തിൽ എത്തി ചേരുകയും കബറിങ്കൽ ധൂപ പ്രാർത്ഥന നടത്തുകയും ചെയതു. അഭി: മാത്യൂസ് മാർ തേവോദോസിയോസ് മെത്രാപ്പോലിത്ത തീർത്ഥാടക സംഗമം ഉദ്ഘാടനം ചെയ്തു.

പെരുന്നാൾ കമ്മറ്റി കൺവീനേഴ്സ്

Fr. Yacob OIC
(Editor)

Fr. Aby Varghese
(Gen.Convenor)

Fr. Bijin Thomas Cherian
(Publicity Convenor)

Fr. Ligin Thomas
(Worship & Reception Convenor)

Fr. Pious L Jacob
(Hospitality Convenor)

മലങ്കരയുടെ ധർമ്മയോഗി

(ഒന്നാം പേജിൽനിന്നും...)

പകർത്തി എഴുതുക മുതലായ പ്രവർത്തനങ്ങളുടെ കേന്ദ്രങ്ങളായിരുന്നു ഈ ആശ്രമങ്ങൾ.

രണ്ടാമത്തെത്, അന്തേവാസികൾ ആശ്രമത്തിൽ താമസിക്കുന്നു എങ്കിലും പ്രാർത്ഥനയോടൊപ്പം സജീവമായ സാമൂഹ്യ പ്രവർത്തനങ്ങളും ഏറ്റെടുക്കുന്ന ആശ്രമങ്ങളാണ്. അവർ ആശുപത്രികളും സ്ക്കൂളുകളും മറ്റും സ്ഥാപിക്കുകയും അവിടെയെല്ലാം ജോലികളിൽ ഏർപ്പെടുകയും ചെയ്യും. അത്തരം വാസസ്ഥലങ്ങൾ ആശ്രമം എന്നപേരിനെക്കാൾ മത സമൂഹങ്ങൾ (Religious communities) എന്ന പേരിലാണ് അറിയപ്പെടുന്നത്. ജസ്യൂട്ട്സ്, ഡൊമിനിക്കൻസ് ആദിയായ പേരുകളിലെല്ലാം അറിയപ്പെടുന്ന സംഘങ്ങൾ ഇത്തരത്തിൽ പെടുന്നവരാണ്. ഇവർക്ക് പ്രാർത്ഥനയും ദാരിദ്ര്യവും പോലെതന്നെ സാമൂഹ്യ പ്രവർത്തനങ്ങളും പ്രധാനപ്പെട്ടതാണ്.

രണ്ടാമതു പറഞ്ഞവിധത്തിലുള്ള ആശ്രമങ്ങളാണ് നമ്മുടെ സഭയിൽ കൂടുതലും കാണുന്നത് എന്നു പറയാം. കത്തോലിക്ക മിഷനറിമാരെ കണ്ടു പഠിക്കുവാനാണല്ലോ നമുക്ക് കൂടുതൽ അവസരം ലഭിച്ചത്. 20-ാം നൂറ്റാണ്ടിന്റെ രണ്ടാം ദശാബ്ദത്തിൽ 1918 ൽ മാർ ബസേലിയോസ് പിതാവിന്റെ ആശ്രമ നിയമങ്ങൾ അനുസരിച്ചും ഭാരത സന്യാസിമാരുടെ വേഷവിധാനങ്ങൾ സ്വീകരിച്ചുമാണ് ബഥനി ആശ്രമം ആരംഭിച്ചത്. ഗ്രീസിലെ ചില ആശ്രമങ്ങളുടെ മാതൃകയിൽ, ചെന്നുപറ്റാൻ അത്ര എളുപ്പമല്ലാത്ത ഒരു മലമുകളിലാണ് ആശ്രമം സ്ഥാപിക്കാൻ തയ്യാറായത്. മാർ ഇവാനിയോസ് താമസിയാതെ സഭ വിട്ടുപോയപ്പോൾ അദ്ദേഹത്തിന്റെ കൂടെ ഉണ്ടായിരുന്ന ഫാ. അലക്സിയോസിന് ബഥനി ആശ്രമത്തിന്റെ വികസനത്തിന്റെ പൂർണ്ണ ഉത്തരവാദിത്തം ഏറ്റെടുക്കേണ്ടിവന്നു. അദ്ദേഹം തേവോദോസ്യോസ് എന്ന പേരിൽ മെത്രാപ്പോലീത്തയായി ഉയർത്തപ്പെട്ടപ്പോൾ പ്രവർത്തനങ്ങൾ ഒന്നുകൂടി ഊർജ്ജിതപ്പെടുത്തുവാനുള്ള സാധ്യത ലഭിച്ചു.

അഭി: അലക്സിയോസ് മാർ തേവോദോസ്യോസ് തിരുമേനിയെക്കുറിച്ച് ചിന്തിക്കുമ്പോൾ ആദ്യം മനസിലേക്ക് തള്ളിക്കയറുന്നത്, അദ്ദേഹം സത്യവിശ്വസത്തിനും സഭയുടെ സ്വാതന്ത്ര്യത്തിനും വേണ്ടി ഉറച്ച നിലപാടെടുത്ത ഒരു ധീരയോദ്ധാവായിരുന്നു എന്നതാണ്. ശക്തമായ റോമൻ കത്തോലിക്കാസഭയിൽ നിന്നും വേറിട്ട് നിൽക്കുക എന്നത് അന്ന് അത്ര എളുപ്പമായിരുന്നില്ല. മലങ്കര സഭയ്ക്ക് സാരമായ ഭൗതികസ്വത്തുകളോ പ്രൗഡിയോ ഒന്നുമില്ലാതിരുന്ന കാലത്ത് ലൗകികമായ വാഗ്ദാനങ്ങളെല്ലാം നിരസിച്ചു കൊണ്ടാണ് അദ്ദേഹം പിടിച്ചു നിന്നത്. അദ്ദേഹത്തിന്റെ വിവിധ സംഭാവനകളെ മുൻനിർത്തി 'ധർമ്മയോഗി' എന്നൊരു സ്ഥാനനാമം പരി. എപ്പിസ്ക്കോപ്പൽ സുന്നഹദോസ് അദ്ദേഹത്തിന് നൽകിയിട്ടുണ്ട്.

കിഴക്കൻ-പടിഞ്ഞാറൻ പാരമ്പര്യങ്ങളുടെയും ഭാരത മുനിവര്യന്മാരുടെയും രീതികളുടെ ഒരു മിശ്രിതമായിരുന്നു മലങ്കരയിലെ ആശ്രമങ്ങളിൽ പാലിച്ചിരുന്നത്. കൃത്യമായിരുന്ന അച്ചടക്കവും, പ്രാർത്ഥനാരീതികളും പാലിച്ചിരുന്നപ്പോൾതന്നെ, അന്തേവാസികളിൽ നല്ലൊരുഭാഗവും വൈദികരായി ആശ്രമത്തിന് പുറത്തുപോയി സേവനം അനുഷ്ടിക്കുകയും സാമൂഹ്യ പ്രവർത്തനങ്ങളിൽ ഏർപ്പെടുകയും ചെയ്തിരുന്നു. ആരാധനാ ക്രമങ്ങളുടെ തർജിമ അച്ചടി എന്നീ മേഖലകളിൽ ബഥനി ആശ്രമം വഹിച്ച പങ്ക് ചെറുതായിരുന്നില്ല. വിദ്യാഭ്യാസ മേഖലയിലും സംഭാവനകൾ നൽകുന്നുണ്ട്. പിൽക്കാലത്ത് മറ്റു പലസ്ഥലങ്ങളിലും ശാഖകൾ ആരംഭിക്കുവാൻ സാധിക്കുംവിധം പ്രസ്ഥാനം വളർന്നു. മലങ്കര ഓർത്തഡോക്സ് സഭയ്ക്ക് നേതൃത്വം നൽകുവാനായി യൂഹാനോൻ മാർ അത്താനാസ്യോസ്, പൗലോസ് മാർ പക്കോമിയോസ്, മാത്യൂസ് മാർ തേവോദോസ്യോസ് എന്നീ പിതാക്കന്മാരെ ബഥനി ആശ്രമം ദാനം ചെയ്തു എന്നതും സഭയ്ക്ക് മറക്കാനാവില്ല.





ആശംസകളോടെ...

सेन्ट्रल बैंक ऑफ़ इंडिया
Central Bank of India
RANNI - PERUNAD

Printed and Published by Fr. Skaria OIC, Superior, Bethany Asram, Ranni, Perunad | Printed at: Dona Printers, Ktm. | Design & Layout: Mediatoonz Ktm. 9656550111